1. എന്തുകൊണ്ട് ലോക കേരള സഭ?

കേരളം ഏറെ ജനാധിപത്യവൽക്കരിക്കപ്പെട്ട ഒരു സമൂഹമാണ്. പക്ഷെ കേരളത്തിൽ ജനാധിപത്യക്കമ്മി അനുഭവപ്പെടുന്നതും ജനാധിപത്യവൽക്കരണ പ്രക്രിയയെ ഏറെ മുന്നോട്ടു കൊണ്ടുപോകേണ്ടതുമായ ഒരു രംഗമാണ് പ്രവാസികളുടെ ഭരണ-അധികാര പങ്കാളിത്തം. സംസ്ഥാനത്തിന്റെ ഔപചാരിക അതിർത്തി വിട്ടുപോയി ജീവിതം കണ്ടെത്തുന്നവർക്ക് കേരളഭരണത്തിൽ ഒരു പങ്കാളിത്തവും ഇല്ല. കേരളം സംസ്ഥാനാതിർത്തികൾ പിന്നിട്ട് ലോകമെമ്പാടും വളർന്നു പന്തലിച്ചെങ്കിലും കേരളഭരണവും അധികാരവും ഇപ്പോഴും സമ്പൂർണ്ണമായും പ്രദേശ കേന്ദ്രീകൃതമായി തുടരുകയാണ്. ഈ കുറവ് പരിഹരിക്കുക എന്നതാണ് ലോക കേരള സഭ കൊണ്ട് ലക്ഷ്യമിടുന്നത്.

മറ്റു സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലുമുള്ള മലയാളികളുടെ പ്രതിനിധികൾ, ജനപ്രതിനിധികൾക്കൊപ്പം കേരളത്തിന്റെയും പ്രവാസികളുടെയും പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ ഒരുമിച്ചു ചേരുന്ന വേദിയാണ് ലോകകേരള സഭ. കേരളവികസനത്തിന് ക്രിയാത്മക നിർദ്ദേശങ്ങളും സംഭാവനകളും നൽകുന്നതിനും പ്രവാസികളുടെ വിഷയങ്ങൾ മുഖ്യശ്രദ്ധയിലേക്ക് കൊണ്ടുവരുന്നതിനുമുള്ള ആധുനിക ജനാധിപത്യ വേദിയാണ് ലോക കേരള സഭ.

2. പ്രവാസി ഭാരതീയ ദിവസ് പോലെയുള്ള സമ്മേളനമാണോ ലോക കേരളം സഭ?

അല്ല. പ്രവാസി ഭാരതീയ ദിവസ് പോലെയുള്ള സമ്മേളനങ്ങൾ ലോകത്ത് പല രാജ്യങ്ങളും സംഘടിപ്പിക്കാറുണ്ട്. കൂടാതെ ഇതര ഇന്ത്യൻ സംസ്ഥാനങ്ങളായ ഗുജറാത്ത്, പഞ്ചാബ്, തമിഴ് നാട്, ആന്ധ്ര പ്രദേശ് തുടങ്ങിയവയും വർഷംതോറും അവരുടെ പ്രവാസികൾക്കായി സമ്മേളനങ്ങൾ സംഘടിപ്പിക്കാറുണ്ട്. ഇതിൽ പലതും സർക്കാർ നേതൃത്വത്തിലുമാണ് സംഘടിപ്പിക്കുന്നത്. പക്ഷെ, ഇത്തരം പരിപാടികൾ ഒരു ഒത്തുകൂടലിന്റെ തലത്തിൽ മാത്രം ഒതുങ്ങുന്നവയാണ്. അവാർഡ് ദാനവും, കലാപരിപാടികളും, നിക്ഷേപക സാധ്യതകളുടെ ചർച്ചയുമാണ് ഇത്തരം സമ്മേളങ്ങളിലെ പതിവ് അജണ്ടകൾ. എന്നാൽ ലോക കേരള സഭ ഇതിൽ നിന്നൊക്കെ വ്യത്യസ്തമാണ്. സംസ്ഥാന നിയമസഭയിലെ എല്ലാ അംഗങ്ങൾക്ക് പുറമെ പുറംകേരളത്തിൻറെ വിവിധ മേഖലകളിൽ നിന്നുള്ള പ്രതിനിധികളേക്കൂടി ഉൾക്കൊള്ളുന്ന ഒരു മഹാസഭയാണിത്. ഇന്ത്യൻ ഭരണഘടനയിൽ മാറ്റം വരുത്താതെ ലോകകേരളസഭയ്ക്ക് നിയമപരമായ സാധുത ഉണ്ടാവില്ല . മാത്രമല്ല, നിയമനിർമ്മാണത്തിനൊ നിയമം നടപ്പിലാക്കുന്നതിനൊ അധികാരം ഉണ്ടാവില്ല. പക്ഷെ, വിശാല കേരളത്തെ ബാധിക്കുന്ന ഒട്ടേറെ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് ഈ സഭ വേദിയാകും. രണ്ടു ദിവസത്തെ സഭ, ഗൗരവമേറിയ ചർച്ചകൾക്കും, സംവാദങ്ങൾക്കുമുള്ള വേദി കൂടിയാണ് പ്രസ്തുത സഭ. സമ്മേളനത്തിനൊടുവിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പരിഗണിക്കേണ്ട വിഷയങ്ങളിൽ വിശദവും മൂർത്തവുമായ ഉപദേശ-നിർദേശങ്ങൾ സമർപ്പിക്കുക എന്നതാണ് ലോക കേരള സഭയുടെ പ്രധാന കർത്തവ്യം. ഒരു സമ്മേളനമെന്നതിലുപരി ഒരു ലോക കേരള പാർലമെൻറ് എന്ന നിലയ്ക്കുവേണം ഓരോ കേരളീയനും ലോക കേരളം സഭയെ സമീപിക്കേണ്ടത്. പ്രവാസി മലയാളികളും കേരളവും തമ്മിലുള്ള സഹകരണത്തിന്റെയും സാമൂഹിക സാംസ്കാരിക വിനിമയത്തിന്റെയും വേദി കൂടിയാണ് ലോക കേരള സഭ.

3. എന്താണ് ലോക കേരള സഭയുടെ ഘടന?

ലോകകേരള സഭയിൽ 351 അംഗങ്ങളാണുള്ളത്. സംസ്ഥാനത്തെ നിലവിലെ നിയമസഭാംഗങ്ങളും പാർലമെന്റ് അംഗങ്ങളുമായി 169 പേരും പ്രവാസികളായി 182 പേരും അടങ്ങുന്നതാണ് ഈ സഭ. പ്രവാസികളിൽ ഇന്ത്യക്ക് പറത്തുള്ളവർ 104 പേരും ഇതരസംസ്ഥാനങ്ങളിൽ നിന്ന് 36 പേരും തിരിച്ചെത്തിയവർ 12 പേരും എമിനന്റ് പ്രവാസികളായി 30 പേരും ഉൾപ്പെടുന്നു. ഇവരെ കൂടാതെ വിവിധ പ്രവാസമേഖലയിലെ പ്രമുഖർ അടങ്ങുന്ന ഒരു സംഘം ക്ഷണിതാക്കളും ഉണ്ടാവും. കേരളത്തിൽ നിന്നുള്ള എംപിമാരുടെ എണ്ണത്തിൽ വരുന്ന ഏറ്റക്കുറച്ചിലുകൾ സഭയുടെ ഘടനയിലും ചെറിയ മാറ്റങ്ങൾ വരുത്തും.

5. ഇന്ത്യൻ പൗരന്മാരല്ലാത്തവരെ സഭയിലെ അംഗങ്ങളായി പരിഗണിക്കുന്നുണ്ടോ?

ഇല്ല. ലോക കേരളം സഭ അംഗത്വം ഇന്ത്യൻ പൗരന്മാർക്കായി നിജപ്പെടുത്തിയിരിക്കുന്നു. സഭയ്ക്ക് ഭാവിയിൽ ഭരണഘടനാപരമായ അധികാരങ്ങൾ ലഭിക്കുകയാണെങ്കിൽ അംഗങ്ങളുടെ പൗരത്വം സംബന്ധിച്ച ആശയക്കുഴപ്പങ്ങൾ ഒഴിവാക്കുന്നതാണ് ഈ തീരുമാനം. വളരെ ശൈശവദശയിലുള്ള ഒരു ആശയം എന്ന നിലയ്ക്ക് ഇത്തരം മുൻകരുതലുകൾ അത്യാവശ്യമാണ്. പക്ഷെ, പൗരത്വം ഇല്ലാത്ത കേരളീയരിൽ പ്രമുഖരെ നിരീക്ഷകർ എന്ന നിലയ്ക്ക് സഭാനടപടികളിൽ പങ്കെടുപ്പിക്കുന്നുണ്ട്.

4. അംഗങ്ങളുടെ തിരഞ്ഞെടുപ്പ് എങ്ങനെയാണ്?

ജനപ്രതിനിധികൾ ഒഴിച്ചുള്ള അംഗങ്ങളുടെ തിരഞ്ഞെടുപ്പ് വളരെ ക്ലേശകരവും നിരവധി പരാതികൾക്ക് ഇടവരുത്താനും സാധ്യതയുള്ള ഒരു പ്രക്രിയയാണ്. ലോക കേരള സഭയിലെ അംഗങ്ങളെ സർക്കാർ നാമനിർദ്ദേശം ചെയ്യുകയാണ്. ആദ്യ സഭ ആയതിനാലും കൃത്യമായ വിവരശേഖരണത്തിന്റെ അഭാവം ഉള്ളതുകൊണ്ടും ഇലക്ഷൻ നടത്തിയുള്ള ഒരു തിരഞ്ഞെടുപ്പ് നിലവിൽ അസാധ്യമാണ്. ആയതിനാൽ ലഭ്യമായ കണക്കുകളുടെ അടിസ്ഥനത്തിൽ ഓരോ ഭൂപ്രദേശങ്ങൾക്കും അർഹമായ പ്രാതിനിധ്യം ഉറപ്പാക്കാൻ ശ്രമിച്ചിട്ടുണ്ട്. ലോക കേരള സഭയുടെ വെബ്സൈറ്റ് വഴി ലഭിച്ച നാമനിർദ്ദേശങ്ങളും, അന്വേഷണത്തിലൂടെ കണ്ടെത്തിയ വ്യക്തിത്വങ്ങളേയും പരിഗണിച്ചാണ് പ്രതിനിധികളെ സർക്കാർ നാമനിർദേശം ചെയ്തിട്ടുള്ളത്.

5. ലോക കേരള സഭ നിക്ഷേപക പ്രോത്സാഹന പരിപാടിയാണോ?

ലോക കേരള സഭ ഒരു നിക്ഷേപക സംഗമമല്ല. പ്രവാസികളായ സഭാ അംഗങ്ങളിൽ നിക്ഷേപകരും വ്യവസായികളും മാത്രമല്ല ഉൾപ്പെടുന്നത്. വിദഗ്ധ-അവിദഗ്ദ തൊഴിലാളികളുൾപ്പെടെ പ്രവാസ സമൂഹത്തിന്റെ വിവിധ തുറകളിൽ നിന്നുള്ളവർ അംഗങ്ങളാണ്. പ്രവാസികളോടുള്ള കേരള സംസ്ഥാനത്തിൻറെ ഉത്തരവാദിത്വം നിർവ്വഹിക്കുക എന്ന കടമയാണ് ഏറ്റവും പ്രധാനമായി ഈ സഭയിലൂടെ നടപ്പാകുന്നത് . രണ്ടാമതായി മാത്രമേ പ്രവാസത്തിന്റെ സാധ്യതകൾ ഉപയോഗിക്കാനുള്ള ശ്രമങ്ങൾ നടത്തുകയുള്ളു. എന്നിരുന്നാലും സഭയിലെ പ്ലീനറി സെഷൻസിനു പുറമെ നടക്കുന്ന

വിഷയമേഖലകൾ അടിസ്ഥാനമാക്കിയ ചർച്ചകളിൽ നിക്ഷേപക സാധ്യതകളും പരിഗണിക്കുന്നുണ്ട്. പ്രവാസികളിൽ നിന്ന് ഉയർന്നു വരുന്ന നിർദേശങ്ങൾ വിവിധ വകുപ്പുകളുടെ പരിഗണനയ്ക്കായി സമർപ്പിച്ചു വരുന്നു.

6. ലോക കേരള സഭ സമ്പന്നരുടെ സംഗമമാണോ?

ഈ സഭ സമ്പന്നരുടെയും നിക്ഷേപകരുടെയും മാത്രം സഭയല്ല. കലാകാരൻമാർ, തൊഴിലാളികൾ, ഗദ്ദാമമാർ, സാങ്കേതിക വിദഗ്ധർ, ചിത്രകാരൻമാർ, സംഗീതജ്ഞർ, എഴുത്തുകാർ തുടങ്ങി പ്രവാസി സമൂഹത്തിന്റെ നാനാതുറകളിൽ നിന്നുള്ള പ്രാതിനിധ്യം ഉറപ്പാക്കിക്കൊണ്ട് വിശ്വകേരളത്തിന്റെ പരിച്ഛേദമായാണ് ലോക കേരള സഭ രൂപീകരിച്ചിരിക്കുന്നത്. പ്രവാസി സമൂഹത്തിന്റെ സമഗ്രമായ പ്രാതിനിധ്യം സഭ ഉറപ്പുവരുത്തിയിട്ടുണ്ട്.

62 വിദേശ രാജ്യങ്ങളിൽ നിന്നും 21 ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും പ്രതിനിധികൾ എത്തിച്ചേർന്ന മൂന്നാംലോകകേരള സഭ ലോക മലയാളികളുടെ അഭിമാനകരമായ സംഗമവേദിയായിരുന്നു.

ആകെയുള്ള 182 അംഗങ്ങളിൽ 117 പേരോളം വിവിധ മലയാളി സംഘടനകളുടെ പ്രതിനിധികളാണ്. ഇവരിൽ 35 പേരോളം അവിദഗ-അർദ്ധ വിദഗ്ധ തൊഴിലുകളിൽ ഏർപ്പെടുന്നവരാണ്. 36 അംഗങ്ങൾ സാമൂഹിക-സംസ്കാരിക-ശാസ്ത്ര-അക്കാദമിക് മേഖലകളുടെ പ്രതിനിധികളാണ്.

ഇതിനു പുറമെ വിവിധ കമ്പനികളുടെ സി.ഇ.ഒ തലത്തിൽ പ്രവർത്തിക്കുന്ന പ്രൊഫഷണലുകളായ ഒമ്പതു പേരും അംഗങ്ങളുടെ പട്ടികയിലുണ്ട്. മറ്റുള്ള അംഗങ്ങളിൽ ഭൂരിപക്ഷവും നോർക്ക റൂട്ട്സ്, പ്രവാസി ക്ഷേമനിധി ബോർഡ്, എൻ.ആർ.ഐ കമ്മീഷൻ എന്നീ സ്ഥാപനങ്ങളുടെ ഔദ്യോഗിക സ്ഥാനങ്ങൾ വഹിക്കുന്നവരാണ്.

പ്രത്യേക ക്ഷണിതാക്കളിലും ഭൂരിപക്ഷവും സംഘടനാ പ്രതിനിധികളാണ്. 173 അംഗങ്ങളിൽ 78പേർ മലയാളി സംഘടനകളെ പ്രതിനിധീകരിച്ചു പങ്കെടുത്തവരാണ്. സംഘടനാ പ്രതിനിധികളിൽ 30 പേരോളം ഒ.സി.ഐ (ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ )കാർഡ് ഉള്ളവരാണ്. ക്ഷണിതാക്കളിൽ 35 പേർ വിവിധ കമ്പനികളുടെ സിഇഒ തലത്തിൽ പ്രവർത്തിക്കുന്ന പ്രൊഫഷണലുകളും നിക്ഷേപകരുമാണ്.

കൂടാതെ 27 പ്രത്യേക ക്ഷണിതാക്കൾ സാമൂഹിക-സംസ്കാരിക-ശാസ്ത്ര- അക്കാദമിക് മേഖലകളുടെ പ്രതിനിധികളായി പങ്കെടുത്തു. സംഘടനാ പ്രതിനിധികൾ ഉൾപ്പെടെ 30 പ്രത്യേക ക്ഷണിതാക്കൾ സാധാരണ തൊഴിലുകളിൽ ഏർപ്പെടുന്നവരാണ്.

7. ഇതൊരു സ്ഥിരം സംവിധാനമാണോ?

ലോക കേരളസഭ സ്ഥിരം സഭയായിരിക്കും. കാലാവധി തീരുന്ന അംഗങ്ങളുടെ സ്ഥാനത്തു പുതിയ അംഗങ്ങൾ വരും. സഭ കുറഞ്ഞത് രണ്ടുവർഷത്തിൽ ഒരിക്കലെങ്കിലും യോഗം

ചേരുന്നതാണ്. ഇതിനോട് അനുബന്ധമായി ഒരു സ്ഥിരം സെക്രട്ടറിയേറ്റും മറ്റു ഓഫീസ് സംവിധാനങ്ങളും പ്രവർത്തിക്കുന്നതാണ്.

8. സഭയിൽ നടക്കുന്ന പരിപാടികൾ എന്തൊക്കെയാണ്?

രണ്ടു ദിവസമാണ് ആദ്യ ലോക കേരളം സഭ സമ്മേളനം നടക്കുന്നത് . പ്ലീനറി സെഷനുകളിൽ ലോക കേരളം സഭയുടെ ലക്ഷ്യങ്ങളും സാധ്യതകളും മറ്റും ചർച്ച ചെയ്യപ്പെടും. ഏതു കൂടാതെ വിഷയമേഖല അടിസ്ഥാനത്തിലുള്ള സമാന്തര യോഗങ്ങളും ഉണ്ടാകും. ഈ യോഗങ്ങളിൽ സഭയിലെ അംഗങ്ങളോടൊപ്പം അതാത് വകുപ്പിന്റെ ചുമതലയുള്ള മന്ത്രിമാരും ഉദ്യോഗസ്ഥരും പങ്കെടുക്കും. ഇത്തരം ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞു വരുന്ന നിർദ്ദേശങ്ങൾ കേന്ദ്ര- കേരള സർക്കാരുകളുടെ പരിഗണനയ്ക്കായി സമർപ്പിക്കും.

9. ഇത്തരം സഭ ലോകത്തെവിടെയെങ്കിലും നിലവിലുണ്ടോ?

ഫ്രെഞ്ചുകാർ പ്രവാസി സമൂഹത്തിനായി പ്രത്യേക സീറ്റുകൾ ഫ്രെഞ്ചു പാര്ലിമെന്റിൽ അനുവദിച്ചിട്ടുണ്ട്. ഫ്രാൻസിന് പുറത്ത് പണിയെടുക്കുകയും ജീവിക്കുകയും ചെയ്യുന്ന ഫ്രഞ്ച് പൌരന്മാര്ക്കു ഫ്രഞ്ച് പാര്ലമെന്റിൽ പതിനൊന്ന് സീറ്റുകൾ/നിയോജക മണ്ഡലങ്ങൾ ഉണ്ട്. അതുപോലെ അയർലൻഡ്, ഹെയ്തി പോലെയുള്ള രാജ്യങ്ങളും സമാനമായ രീതിയിൽ പ്രവാസികൾക്ക് ഭരണത്തിൽ പ്രാതിനിധ്യം ഉണ്ട്. ഇന്ത്യൻ പാർലമെന്റിലോ കേരള അസംബ്ലിയിലോ പ്രവാസി നിയോജകമണ്ഡലങ്ങൾ അനുവദിച്ചു പ്രതിനിധികളെ തിരഞ്ഞെടുക്കണം എന്നത് നിലവിലെ സ്ഥിതിയിൽ അസാധ്യമാണ്. പക്ഷേ, നിലവിലെ ഇന്ത്യൻ നിയമങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് ഒരു സംസ്ഥാനത്തിന് ചെയ്യാനാണ് കഴിയുന്ന ആദ്യത്തെ സംരംഭമാണ് ലോക കേരളം സഭ.

10. എന്താണ് ലോക കേരള കൊണ്ടുള്ള നേട്ടം?

പ്രവാസി മലയാളികളുടെ ആഗോളസഹകരണവും കൂട്ടായ്മയും ഉറപ്പാക്കാനും കേരളത്തിന്റെ സാമൂഹിക, സാംസ്കാരിക, സാമ്പത്തിക വ്യാവസായിക വികസനത്തിനായി പ്രവാസികളെ സംസ്ഥാനവുമായി സമന്വയിപ്പിക്കാനും പ്രവാസികളുടെ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനുമായി അന്തർദേശീയ നിലവാരത്തിലുള്ള പൊതുവേദി രൂപീകൃതമായി എന്നതാണ് ലോക കേരള സഭയുടെ പ്രധാന നേട്ടം. ലോക കേരള സഭയുടെ താൽപര്യവൃത്തത്തിൽ വരുന്ന വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും ഇന്ത്യൻ ഭരണഘടനയ്ക്കും ആതിഥേയ രാജ്യങ്ങളിലെ ഭരണവ്യവസ്ഥകൾക്കും അന്താരാഷ്ട്ര കരാറുകൾക്കും ഉഭയകക്ഷി ഉടമ്പടികൾക്കും വിരുദ്ധമാകാത്തതും പൊതു സമ്മതമായ തീരുമാനങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ശ്രദ്ധയിൽക്കൊണ്ടുവരുന്നതിനും അനുഭാവപൂർണ്ണമായ നടപടികൾ ശുപാർശ ചെയ്യുന്നതിനും ലോക കേരള സഭ ശ്രമിച്ചു വരുന്നു.

ലോക കേരള സഭയിൽ വിവിധ വിഷയങ്ങളെ അധികരിച്ച് നടത്തുന്ന ചർച്ചകളിൽ അനുഭവ സമ്പത്തുള്ള പ്രവാസി മലയാളികൾ നല്കുന്ന ശുപാർശകൾ/ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് കേരള വികസനത്തിനും പ്രവാസികളുടെ ഉന്നമനത്തിനുമായി നടപ്പാക്കൻ സാധിക്കുന്നവ ബന്ധപ്പെട്ട വകുപ്പുകളുമായി സഹകരിച്ച് നടപ്പാക്കുന്നതാണ്.

ആതിഥേയ രാജ്യങ്ങളിൽ പ്രവാസി മലയാളികൾ നേരിടുന്ന വിവിധങ്ങളായ പ്രശ്ങ്ങൾക്ക് ശാശ്വത പരിഹാരം ലഭിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ഇടപെടൽ അനിവാര്യമാണ്. ആയതിനാൽ സഭയിൽ ഉയരുന്ന ഇത്തരത്തിലുള്ള വിഷയങ്ങൾ ക്രോഡീകരിച്ച് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ലോക കേരള സഭയ്ക്ക് കഴിയുന്നുണ്ട്. അന്താരാഷ്ട്ര പ്രവാസി പഠന കേന്ദ്രത്തിന്റെ രൂപീകരണം, മലയാളം മിഷന്റെ പ്രവർത്തനങ്ങൾ വിപുലപെടുത്തൽ, ലോക മലയാളം എന്ന പേരിലുള്ള പ്രസിദ്ധീകരണം എന്നിവ ലോക കേരള സഭയുടെ നിർദ്ദേശങ്ങളിൽ നിന്ന് രൂപം കൊണ്ടതാണ്. കൂടാതെ പ്രവാസികൾ നാട്ടിലേക്കയക്കുന്ന പണം നാട്ടിലെ വികസന പ്രവർത്തനങ്ങൾക്കായിക്കൂടി ആ വരുമാനം ഉപയോഗപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയാണ് ഒന്നാം ലോക കേരള സഭയുടെ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിർദ്ദേശം കൂടി പരിഗണിച്ച് ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിങ് ലിമിറ്റഡ് രൂപീകരിച്ചിരിക്കുന്നത്.

പ്രവാസികളായ കേരളീയരുടെ ക്ഷേമത്തിനും പുനരധിവാസത്തിനും ആവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ നിരവധി നൂതന കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് തിരുവനന്തപുരം കേന്ദ്രമാക്കി സംസ്ഥാനമാകെ പ്രവർത്തന പരിധിയുള്ള ഒരു സഹകരണസംഘം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വനിതകളുടെ സുരക്ഷിത കുടിയേറ്റം ഉറപ്പാക്കുന്നതിനും കുടിയേറ്റവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനും വനിത കുടിയേറ്റക്കാരുടെ പരാതികൾ സ്വീകരിക്കുന്നതിനുമായി നോർക്ക റൂട്ട്സിൽ എൻ ആർ കെ വനിതാ സെൽ രൂപീകരിച്ചു. ഈ രീതിയിൽ പ്രവാസികളുടെ ക്ഷേമം ഉറപ്പാക്കാനും നിക്ഷേപം നാടിനു പ്രയോജനപ്പെടുന്ന രീതിയിൽ വിനിയോഗിക്കാനും ഒട്ടേറെ പ്രവർത്തനങ്ങൾക്കു തുടക്കം കുറിക്കാൻ ലോക കേരള സഭയിലൂടെ സാധിച്ചിട്ടുണ്ട്.

ലോക കേരള സഭ മുഖേന വളരെയധികൾ നേട്ടങ്ങൾ പ്രവാസി സമൂഹത്തിനും അതു വഴി കേരളത്തിനും ലഭ്യമായിട്ടുണ്ട്.

കോവിഡ് 19 കാലത്ത് വിദേശ രാജ്യങ്ങളിൽ കഴിയുന്ന പ്രവാസി മലയാളികളെ സഹായിക്കുന്നതിന് ലോക കേരള സഭാംഗങ്ങളുടെയും മലയാളി സംഘടനകളുടെയും സഹായത്തോടെ യു.എ.ഇ, ഒമാൻ, ഖത്തർ, കുവൈറ്റ്, സൗദി അറേബ്യ, ബഹ്റൈൻ, യു.എസ്.എ, മലേഷ്യ, മുസാംബിക്ക്, സാംബിയ, വെസ്റ്റ് ഇൻഡീസ്, ബോട്ട്സ്വാന, ജർമ്മനി, നോർവ്വേ, ഇന്തോനേഷ്യ, അയർലാൻഡ് എന്നീ 14 രാജ്യങ്ങളിൽ നോർക്ക ഹെൽപ്പ് ഡെസ്ക് ആരംഭിച്ചു.

05.04.2020, 26.04.2020, 23.05.2020 എന്നീ തിയതികളിൽ വിവിധ രാജ്യങ്ങളിലെ കോവിഡ് സ്ഥിതിഗതികൾ വിലയിരുത്തുന്നതിനും അവിടെയുള്ള പ്രവാസി മലയാളികളുടെ നിജസ്ഥിതി മനസ്സിലാക്കുന്നതിനുമായി ബഹു. മുഖ്യമന്ത്രി ലോക കേരള സഭാംഗങ്ങളുമായി പ്രവാസി സംഘടനകളുമായി ആശയ വിനിമയം നടത്തി. വിദേശത്ത് അസുഖബാധിതരായവർക്ക് ഓൺലൈൻ വൈദ്യോപദേശം/ഡോക്ടറെ നേരിട്ട് വിളിക്കാനുള്ള സൗകര്യം ഏർപ്പാടാക്കി.

കോവിഡ് മഹാമാരിയുടെ സമയത്ത് കോവിഡ് റിലീഫ് മെറ്റീരിയൽസ്, വെന്റിലേറ്റേഴ്സ്, ഓക്സിജൻ ടാങ്ക്, പൾസ് ഓക്സീമീറ്റർ തുടങ്ങിയവ വിവിധ രാജ്യങ്ങളിൽ നിന്നു ലോക കേരള സഭാംഗങ്ങളും പ്രവാസി മലയാളികളും കേരളത്തിന് നൽകിയിരുന്നു. വിദേശ രാജ്യങ്ങളിലെ പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി ലോക കേരള സഭാംഗങ്ങൾ അശ്രാന്ത പരിശ്രമം

നടത്തി വരുന്നു. കൂടാതെ വിദ്യാഭ്യാസ മേഖലയിൽ ഉണ്ടായ അനിശ്ചിതത്വത്തിന പരിഹാരമായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച വിദ്യാകിരണം പ്രോജക്റ്റിന്റെ അഭൂതപൂർവ്വമായ വിജയത്തിന് ലോക കേരള സഭാംഗങ്ങളുടെ സേവനം അഭിനന്ദനാർഹമായിരുന്നു. റഷ്യ- ഉക്രൈൻ യുദ്ധസമയത്ത് വിദ്യാർത്ഥികളെ നാട്ടിലെത്തിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി ലോക കേരള സഭ അംഗങ്ങളുടെ പ്രയത്നം പ്രശംസനീയമായിരുന്നു.

11. ലോക കേരള സഭയുടെ പേരിൽ സംസ്ഥാന ഖജനാവ് ധൂർത്തടിക്കുകയാണോ?

കേരള സമ്പദ്ഘടനയുടെ നട്ടെല്ലായി നിലകൊള്ളുന്ന പ്രവാസി സമൂഹത്തിന്റെ ആഗോളവേദിക്കായി എത്ര ചെലവഴിച്ചാലും അധികമല്ല പ്രവാസികൾക്കു മാത്രമല്ല, കേരളത്തിന് ഭാവി കേരള നിർമിതിക്ക് ഉതകുന്ന അഭിപ്രായങ്ങളുടെ രൂപീകരണ വേദിയെന്ന നിലയിൽ ലോക കേരള സഭയ്ക്കു വേണ്ടി ചെലവഴിക്കുന്ന തുകയ്ക്ക് പ്രത്യേക പ്രധാന്യമുണ്ട്. എന്നാൽ ഈ സമ്മേളനത്തിന് വേണ്ടി യാതൊരു വിധ ധൂർത്തും നടന്നിട്ടില്ല.

മൂന്നാം സഭാ നടത്തിപ്പിനായി വന്ന ചെലവുകൾ ഭൂരിഭാഗവും പ്രവാസികളുടെ സംഭാവനയിലൂടെയും സ്പോൺസർഷിപ്പിലൂടെയുമാണ് സമാഹരിച്ചത്. വിവിധ ലോക രാജ്യങ്ങളിൽ നിന്നും കേരളത്തിലേക്കുള്ള വിമാനടിക്കറ്റ് ടിക്കററുകൾ പ്രതിനിധികൾ സ്വയം വഹിക്കുകയായിരുന്നു.

12. മൂന്നാം ലോക കേരള സഭയുടെ തുടർപ്രവർത്തനങ്ങൾ എന്തൊക്കെയാണ്?

ലോക കേരള സഭയുടെ മൂന്നാം സമ്മേളനത്തിൽ 648 ശുപാർശകൾ ഉയർന്നിരുന്നു. ബഹു ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ 23.09.2022 തീയതിയിൽ വിവിധ വകുപ്പ് മേധാവികളുമായി ശുപാർശയുടെ അവലോകനം നടത്തുകയും പ്രായോഗികതയുടെ അടിസ്ഥനത്തിൽ ശുപാർശകളെ 67 ആക്കി ചുരുക്കി. മൂന്നാം ലോക കേരള സഭയിൽ ഉയർന്ന 11 വിഷയങ്ങളാണ് കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സർക്കാർ സമർപ്പിച്ചിട്ടുള്ളത്.

ലോക കേരള സഭ സെക്രട്ടറിയേറ്റ് ഒരു implementing agency അല്ലാത്തതിനാൽ വിവിധ വകുപ്പുകൾ/ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് ശുപാർശകൾ കൈകാര്യം ചെയ്തുവരുന്നത്. ആയതിനാൽ മൂന്നാം ലോക കേരള സഭയിൽ ഉയർന്ന ബാക്കിയുള്ള 26 ശുപാർശകൾ അതത് വകുപ്പുകളുടെ പരിഗണനയിലാണ്. ലോക കേരള സഭ & മേഖലാ സമ്മേളനങ്ങളിൽ ഉയരുന്ന വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട ശുപാർശകൾ കൂടുതൽ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിന് അതാത് വകുപ്പുകളിൽ ഡെപ്യൂട്ടി / അണ്ടർ സെക്രട്ടറി തലത്തിലുള്ള ഉദ്യോഗസ്ഥരെ നോഡൽ ഓഫീസർ മാരായി നിയമിച്ചിട്ടുണ്ട്. ശുപാർശകൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ലോക കേരള സഭാ ഡയറക്ടർ നേരിട്ട് ഇടപെടലുകൾ നടത്തുന്നതാണ്.

മൂന്നാം ലോക കേരള സഭയിൽ ഉയർന്ന ശുപാർശകളിൽ പ്രധാനം പ്രവാസി മലയാളികളുടെ ഡിജിറ്റൽ വിവര ശേഖരണം, പ്രവാസികളുടെ സ്വത്തുസംരക്ഷണത്തിനുള്ള സംവിധാനം, പ്രവാസി ഇൻഷ്വറൻസ് എന്നിവയാണ്. ഇവയോടൊപ്പം മറ്റ് ശുപാർശകകളും ബഹു. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സമയബന്ധിതമായി നടപ്പാക്കാൻ വേണ്ട നടപടികൾ കൈക്കൊണ്ടുവരുന്നു.

13. മേഖല സമ്മേളനങ്ങളുടെ പ്രസക്തി എന്താണ്?

ഇന്ത്യക്ക് പുറത്ത് ഭൂപ്രദേശ അടിസ്ഥാനത്തിൽ അഞ്ചു മേഖലകളായി പ്രവാസികളെ തരം തിരിച്ചിട്ടുണ്ട്. പ്രവാസത്തിന്റെ സാമ്യതകളെയും മലയാളികളുടെ എണ്ണത്തിന്റെയും അടിസ്ഥാനത്തിലാണ് ഇത്തരമൊരു തരംതിരിക്കൽ നടത്തിയത്. ലോക കേരള സഭയിൽ പലപ്പോഴും വളരെ ചുരുക്കം പ്രതിനിധികളെ മാത്രമേ പങ്കെടുപ്പിക്കാൻ സാധിക്കൂ. കൂടതെ ഓരോ മേഖലയിലെയും പ്രശ്നങ്ങൾ വ്യത്യസ്തവുമാണ്. ഇതിൻറെ അടിസ്ഥാനത്തിൽ ലോക കേരള സഭാ മേഖല സമ്മേളനങ്ങൾ നടത്തുവാൻ തീരുമാനിച്ചത്. ലോക കേരള സഭാ സെക്രട്ടേറിയേറ്റിന്റെ നേതൃത്വത്തിൽ ഇതുവരെ രണ്ടു മേഖലാ സമ്മേളനങ്ങളാണ് സംഘടിപ്പിച്ചത്. മൂന്നാം ലോക കേരള സഭയുടെ തുടർപ്രവർത്തനങ്ങളുടെ ഭാഗമായി യുകെ&യൂറോപ്പ് മേഖലാ സമ്മേളനം ഒക്ടോബർ മാസത്തിൽ വിജയകരമായി സംഘടിപ്പിച്ചു. പരിപാടിയുടെ പൂർണ്ണ സാമ്പത്തിക ചെലവുകൾ യുകെയിലെ മലയാളി സംഘടനകളാണ് വഹിച്ചത്. മേഖല സമ്മേളനത്തിൽ ഉയർന്നു വന്ന നിർദേശങ്ങൾ സർക്കാരിനു കൈമാറിയിട്ടുണ്ട്. യുകെയിലെ മലയാളി സമൂഹത്തിനു വലിയ അംഗീകാരവും കേരളവുമായി പുതിയ സഹകരണ സാധ്യതകളും ഉയർന്നുവന്ന സമ്മേളനമായിരുന്നു സംഘടിപ്പിക്കപ്പെട്ടത്. തുടർന്ന് അമേരിക്ക, ഗൾഫ് മേഖലകളിലെ സമ്മേളനങ്ങൾ നടത്തുവാനുള്ള പ്രാരംഭ ചർച്ചകൾ നടന്നു വരുന്നു. ഈ സമ്മേളങ്ങൾ പൂർണ്ണമായും പ്രവാസികളുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്നതായിരിക്കും.

14. ലോക കേരള സഭാ സെക്രട്ടേറിയേറ്റിന്റെ ഉത്തരവാദിത്വങ്ങൾ എന്തെല്ലാം?

സ.ഉ.(കൈ). നം 2/2018/നോർക്ക നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു സ്വതന്ത്ര സംവിധാനമായി താഴെക്കാണുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ലോക കേരള സഭ സെക്രട്ടേറിയറ്റ് രൂപീകരിച്ചത്.

1. ചീഫ് സെക്രട്ടറി (സെക്രട്ടറി, ലോക കേരള സഭ)
2. പ്രിൻസിപ്പൽ സെക്രട്ടറി, നോർക്ക വകുപ്പ് (ജനറൽ കൺവീനർ)
3. സെക്രട്ടറി, കേരള നിയമസഭ
4. വൈസ് ചെയർമാൻമാർ, നോർക്ക റൂട്ട്സ്
5. ചെയർമാൻ, പ്രവാസി ക്ഷേമനിധി ബോർഡ്
6. മെമ്പർ, പ്ലാനിംഗ് ബോർഡ്
7. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക റൂട്ട്സ്
8. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, പ്രവാസി ക്ഷേമനിധി ബോർഡ്
9. ഡയറക്ടർ, ലോക കേരള സഭ

ലോക കേരള സഭയുടെ സംഘാടനം, ലോക കേരള സഭയിൽ ഉരുത്തിരിഞ്ഞു വരുന്ന നിർദ്ദേശങ്ങൾ സർക്കാരിലേക്ക് സമർപ്പിച്ച് അവയുടെ തുടർപ്രവർത്തനങ്ങൾ വിലയിരുത്തുക എന്നീ ചുമതലകളോടെയാണ് ലോക കേരള സഭ സെക്രട്ടറിയേറ്റ് രൂപീകരിച്ചത്.